**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2275** **21-06-2024 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോയിലെ സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സപ്ലൈകോ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണോയെന്ന് വ്യക്തമാക്കാമോ; | (എ) | വിവിധ സർക്കാർ പദ്ധതികൾ നടപ്പിലാക്കിയ വകയിൽ ചെലവാകുന്ന തുകയുടെ ക്ലെയിമുകൾ സമയബന്ധിതമായി ലഭിക്കാത്തതുമൂലം സപ്ലൈകോ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ട്.<br>നിലവിൽ ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുന്ന വിതരണക്കാർക്കു നൽകുവാനുള്ള കുടിശ്ശിക തുക **538.64** കോടി രൂപയാണ്. സപ്ലൈകോയുടെ നിലവിലെ കടബാധ്യത അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | സപ്ലൈകോയിലെ സാമ്പത്തിക പ്രതിസന്ധി കാരണം മെയ് മാസത്തെ ശമ്പളം മുടങ്ങിയ സാഹചര്യമുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിലെ സാമ്പത്തിക സ്ഥിതിയിൽ മെയ് മാസത്തെ ശമ്പളം നൽകുവാൻ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിലും നാളിതുവരെ ശമ്പളം മുടങ്ങിയിട്ടില്ല. |
| (സി) | പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ കാര്യക്ഷമമായ ഇടപെടൽ നടത്തുമോയെന്ന് വിശദമാക്കാമോ? | (സി) | പ്രതിസന്ധി പരിഹരിക്കാനുള്ള കാര്യക്ഷമമായ ഇടപെടൽ നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| നം | ബാങ്ക് | തുക കോടിയിൽ |
|---|---|---|
| 1 | കൺസോർഷ്യം ലോൺ | 2,470.00 |
| 2 | PRS വായ്പ | 1,632.57 |
| | **ആകെ** | **4 ,102.57** |